Estd 1993
Email: ssdkalady@gmail.com

Reg.No.T94\EKM\'96
www.sreesankaraschoolofdance.org







# SREE SANKARA SCHOOL OF DANCE (S.S.D)

**KALADY - 683574, KERALA STATE**

THE LARGEST CLASSICAL DANCE SCHOOL IN KERALA

*19 Years of Service to the Nation*

**Recognised by Kerala Sangeetha Nataka Academy**

PROMOTER
Prof.P.V. Peethambaran
9447526677, 9847649160
Public Relation Office
Ph:0484 - 2464189, 2462501, 2466793, 6581780

DIRECTOR
Sudha Peethambaran
AGrade Artiste DDK, TVM & ICCR Artiste Newdelhi

TECHNICAL DIRECTOR
Prof. C.P. Unnikrishnan
0484 - 2373014
9946553014

ORGANISERS OF
National Sree Sankara Dance&Music Festival

CULTURAL BODIES
Sree Sankara Music Academy, SAAC - SREECO - PTA - Sree Sankara Natya Saba, Sree Sankara Cultural Foundation, Sree Narayana Cultural Foundation

CDR/MEGAPRODUCTION
1. Sankaram Loka Sankaram-ANatyabhashyam
2. Gurudevacharitham - A Natyabhashyam
3. Sree Krishna Kathamrutham

OUR FEATURES
Training,
Teacher'sTraining,
Programme Publication,
Choreography,
Accreditation

P.R.O.
Nisha Vinod

**<u>വാർത്തയിൽ ഉൾപ്പെടുത്തുന്നതിന്</u>**

നൃത്തശാസ്ത്രത്തിൽ ശരീര ശാസ്ത്രത്തിന്റെ പ്രസക്തി വിളിച്ചോതിക്കൊണ്ട് ശ്രീശങ്കര നാട്യമണ്ഡപ്ത്തിൽ നടന്നുവരുന്ന നാട്യ ശില്പശാല ശ്രദ്ധേയമാകുന്നു. കഥകളിയിലെ ശരീര ചലന ശാസ്ത്ര ( ബോഡി കൈനറ്റിക്സ്)വും ലാവണ്യ ശാസ്ത്രവും അടിസ്ഥാനമാക്കി കേരള കലാമണ്ഡലത്തിൽ നിന്ന് ഡോക്ടറേറ്റ് നേടിയ നാട്യഗുരു ഡോ.സി.പി. ഉണ്ണികൃഷ്ണൻ കഥകളിയിലെ ഈ ഗവേഷണ പ്രബന്ധം ഇതര നാട്യരൂപങ്ങളായ മോഹിനിയാട്ടം, ഭരതനാട്യം, കുച്ചുപ്പുടി, എന്നീ വിഭാഗങ്ങളിലേക്ക് എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് സോദാഹരണ പ്രഭാഷണത്തിലൂടെ വിശദീകരിച്ചത് നൃത്താദ്ധ്യാപികമാർക്ക് പുത്തൻ അനുഭവമായി.

നൃത്ത ശാസ്ത്രത്തിൽ ശരീര ശാസ്ത്രത്തിന്റെ പ്രസക്തി മനസ്സിലാക്കിക്കൊണ്ട് നൃത്ത പരിശീലനത്തിനു മുമ്പ് ശരീരത്തിനെ എങ്ങനെ തയ്യാറെടുപ്പിക്കണമെന്ന് മനസ്സിലാക്കേണ്ടതുണ്ട്. പേശികളുടെയും സന്ധികളുടെയും സുഗമമായിട്ടുള്ള ചലനം അവയെ മനോ നിയന്ത്രണ ത്തിന്റെ പരിധിയിൽ എങ്ങനെയെല്ലാം വിന്യസിക്കാമെന്നത് പ്രധാനപ്പെട്ട വിഷയമാണ്. ആയാസ രഹിതമായിട്ടുള്ള നാട്യപ്രയോഗം ശരീരത്തിനും മനസ്സിനും വേണ്ടതായ സന്തുലിതാവസ്ഥ നല്കുന്നു. ഇതിന് പര്യാപ്തമായിട്ടുള്ള വ്യായാമങ്ങളും തുടർന്ന് നൃത്തത്തിനും അഭിനയ ത്തിനും സഹായകമാകുന്ന സാധകങ്ങളും ഇതിന്റെ ഭാഗമായി പരിശീലിപ്പിക്കുന്നു.

നൃത്തത്തിൽ ഡോക്ടറേറ്റ് നേടുന്ന പലരും പ്രയോഗതലത്തിൽ കൊണ്ടുവരാതെ പ്രബന്ധ നിഗമനങ്ങൾ പരമിതപ്പെടുത്തുന്ന ഈ കാലഘട്ടത്തിൽ ഡോ.സി.പി.ഉണ്ണികൃഷ്ണന്റെ സമീപനം നൃത്താദ്ധ്യപികമാർക്ക് ഏറെ പ്രയോജനപ്പെടുന്നു. 25 നൃത്താദ്ധ്യാപികമാരാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്. ചാക്യാർകൂത്തിൽ ഡോക്ടറേറ്റ് നേടിയ ആഗമാനന്ദ പുരസ്കാര ജേതാവ് ഡോ. എടനാട് രാജൻ നമ്പ്യാർ ശില്പശാലാഗംങ്ങളെ സന്ദർശിച്ചു.

ശില്പശാലയിൽ കലാക്ഷേത്ര ശൈലിയിൽ ചിട്ടപ്പെടുത്തിയ നൃത്ത ഇനങ്ങളുടെ പരിശീലനവും അവതരണവും നടന്നു. ശില്പശാലാംഗങ്ങൾക്കായി നടന്ന പിശീലനത്തിന് കലാക്ഷേത്ര സരിത നേതൃത്വം നല്കി. ശില്പശാലയിൽ പങ്കെടുത്തവർക്ക് പ്രൊഫ.പി.വി. പീതാംബരനും ഡയറക്ടർ സുധാ പീതാംബരനും സർട്ടിഫിക്കറ്റുകളും മെഡലുകളും നല്കി.

**<u>ചിത്രവിവരണം</u>** - കാലടി ശ്രീശങ്കര നാട്യമണ്ഡപത്തിൽ നൃത്താദ്ധ്യാപികമാർക്കുള്ള ശില്പശാലയിൽ കലാക്ഷേത്ര സരിത പരിശീലനത്തിന് നേതൃത്വം നല്കുന്നു.

Nisha
P.R.O